# മുസിരിസ് പദ്ധതിയുടെ ലക്ഷ്യം ടൂറിസമല്ല: തോമസ് ഐസക്

കൊടുങ്ങല്ലൂർ: മുസിരിസ് പൈതൃക പദ്ധതിയെ രാഷ്ട്രീയ വിവാദങ്ങളാക്കി മാറ്റരുതെന്നു മന്ത്രി തോമസ് ഐസക്. പദ്ധതിയുടെ ഭാഗമായി സ്വാതന്ത്ര്യ സമര സേനാനി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ഭവനത്തിൽ നിർമിക്കുന്ന മ്യൂസിയത്തിന്റെ ശിലാസ്ഥാപനം നടത്തുകയായിരുന്നു മന്ത്രി.



*സ്വാതന്ത്ര്യസമര സേനാനി മുഹമ്മദ് അബ്ദു റഹിമാൻ സാഹിബിന്റെ വീട് മ്യൂസിയമാക്കാനായി സർക്കാരിനുവേണ്ടി മന്ത്രി കെ.പി. രാജേന്ദ്രൻ, മന്ത്രി തോമസ് ഐസക് എന്നിവർ ഏറ്റെടുക്കുന്നു.*

## മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ് സ്മാരക മ്യൂസിയത്തിന് തറക്കല്ലിട്ടു

മുസിരിസ് വെറുമൊരു ടൂറിസം പദ്ധതിയല്ല. പൈതൃക സംരക്ഷണത്തിലധിഷ്ഠിതമായ പഠന പദ്ധതിയാണിത്. ഏറെ സൂക്ഷ്മതയോടെ കാലമേറെയെടുത്തു പൂർത്തിയാക്കാനുള്ളതാണു മുസിരിസ് പൈതൃക പദ്ധതി. പട്ടണത്തു നടക്കുന്ന ഗവേഷണങ്ങൾ പൂർത്തിയാകണമെങ്കിൽ ഒരു പതിറ്റാണ്ടു വേണ്ടിവരും. പദ്ധതിക്ക് ഉദ്യോഗസ്ഥർ തുരങ്കംവയ്ക്കുന്നുവെന്ന പ്രചാരണത്തിൽ കഴമ്പില്ല. കേരളചരിത്രത്തെ സംബന്ധിച്ച് ഏറ്റവും വലിയ രേഖയായി പദ്ധതി മാറുമെന്നും മന്ത്രി പറഞ്ഞു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ കുടുംബാംഗം ബാവക്കുട്ടിയിൽനിന്നു വീടിന്റെ താക്കോൽ മന്ത്രി തോമസ് ഐസക് ഏറ്റുവാങ്ങി.

മന്ത്രി കെ.പി. രാജേന്ദ്രൻ, എഡിഎം കെ.എൻ. രാജി, കൊടുങ്ങല്ലൂർ നഗരസഭ അധ്യക്ഷ സുമ ശിവൻ, എറിയാട് പഞ്ചായത്ത് പ്രസിഡന്റ് ഇ.വി. രമേശൻ, മുസിരിസ് പദ്ധതി സ്പെഷൽ ഓഫിസർ വി.എം. സുനിൽ, തഹസിൽദാർ എം.എം. അബ്ദുൽ സലാം, പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡന്റ് വൃന്ദ പ്രേംദാസ്, പഞ്ചായത്ത് അംഗം സുനിത ശശീന്ദ്രൻ എന്നിവർ അബ്ദുറഹിമാൻ സാഹിബിന്റെ വസതിയിലെത്തിയിരുന്നു.